പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3907 — 11/11/2019 ൽ മറുപടിയ്ക്ക്

## സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആരോഗ്യ വകുപ്പിലെ സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുവേണ്ടി ഡി.പി.സി. ചേരാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് അറിയിക്കുമോ; | (എ) | സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് റേഷ്യോ പ്രൊമോഷന്റെ അടിസ്ഥാനത്തിലാണ്. |
| (ബി) | ഇത് സംബന്ധിച്ചുള്ള ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടർ കാര്യാലയത്തിലെ അഡീഷണൽ ഡി.എച്ച്.എസ്.ന്റെ പക്കൽ എത്തിയിട്ട് എത്ര നാളുകളായി എന്ന് വ്യക്തമാക്കാമോ; എന്നാണ് അദ്ദേഹം ഫയൽ ഡയറക്ടർക്ക് നൽകിയത്; ഈ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നത് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - 1 ന്റെ സീനിയോറിറ്റി പട്ടികയിൽ നിന്നാണ്. അംഗീകരിക്കപ്പെട്ട ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് - 1 സീനിയോറിറ്റി പട്ടിക നിലവിലില്ലാത്തതിനാലാണ് സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് കാലതാമസം നേരിടുന്നത്. പ്രസ്തുത പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടർ ആരംഭിച്ചിട്ടുണ്ട്. |
| (സി) | നിയമപ്രകാരം ഒരു ഉദ്യോഗസ്ഥന് ഒരു ഫയൽ എത്ര നാൾ പിടിച്ചുവയ്ക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | (സി) | ഇത് സംബന്ധിച്ച് ചട്ടങ്ങളൊന്നും നിലവിലില്ല. |
| (ഡി) | നിയമപരമല്ലാതെ ഫയൽ പിടിച്ചുവച്ച ഉദ്യോഗസ്ഥനോട് വിശദീകരണം തേടുകയോ കുറ്റക്കാരായവർക്കെതിരെ മാതൃകാപരമായ വകുപ്പുതല നടപടികൾ സ്വീകരിക്കുകയോ ചെയ്യുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | ഇക്കാര്യത്തിൽ ബോധപൂർവ്വമായ കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sindhya
സെക്ഷൻ ഓഫീസർ